# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

മണ്ഡല ആസ്തി വികസന പദ്ധതി

3334 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തി വികസന പദ്ധതിയിൽ 5 വർഷത്തേയ്ക്ക് 25 കോടി രൂപയുടെ പദ്ധതികൾ മുൻകൂട്ടി തെരഞ്ഞെടുക്കാൻ എം.എൽ.എ മാർക്ക് അനുമതി നൽകുമോ;

(ബി) ഓരോ വർഷവും 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാൻ ഏതെല്ലാം ഗൈഡ് ലൈനാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സർക്കാരിന്റെ ആസ്തി വർദ്ധിപ്പിക്കൽ ഫണ്ട്</u>

3335

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ആസ്തി വർദ്ധിപ്പിക്കൽ ഫണ്ട് പ്രകാരമുള്ള വർക്കുകളിൽ ഒരു കോടിയിൽ കുറഞ്ഞ വർക്കുകൾക്കും അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

2011-12 ലെ അധിക വിഭവ ശേഖരണം

3336 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-12 ലെ അധിക വിഭവ ശേഖരണം വഴി ജനങ്ങളില്‍ നിന്നും ശേഖരിക്കാന്‍ തീരുമാനിച്ച തുക എത്രയായിരുന്നു;

(ബി) ഓരോ ഇനത്തിലും ലക്ഷ്യമിട്ടിരുന്ന അധികവരുമാനം എത്ര യായിരുന്നു; വര്‍ഷാവസാന കണക്കുകള്‍ പ്രകാരം യഥാര്‍ത്ഥത്തില്‍ ഉണ്ടായ വരുമാനം സംബന്ധിച്ച വിശദാംശങ്ങള്‍ വെളിപ്പെ ടുത്താമോ;

(സി) ഈ സാമ്പത്തിക വര്‍ഷം അധികവിഭവസമാഹരണ ലക്ഷ്യം എത്ര കോടിയാണ്; ഇനം തിരിച്ച് വ്യക്തമാക്കാമോ; 2012 മെയ് 31നകം എത്ര കോടി രൂപ സമാഹരിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

## മണ്ഡല ആസ്തിവികസന ഫണ്ട്

3337 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 ബജറ്റിൽ പ്രഖ്യാപിച്ച നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള 5 കോടി രൂപയുടെ ആസ്തിവികസന ഫണ്ട് സംബന്ധിച്ച ഗൈഡ്ലൈൻ തയ്യാറായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

5 കോടി രൂപയുടെ വികസനപദ്ധതികൾ

3338 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ പ്രഖ്യാപിച്ച ഓരോ നിയോജകമണ്ഡലത്തിലും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന 5 കോടി രൂപയുടെ വികസനപദ്ധതികൾ നടപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്താൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(സി) ഓരോ മണ്ഡലത്തിലും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പൊതുവികസന പ്രവർത്തനങ്ങൾ കൂടാതെയാണോ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന 5 കോടി രൂപയുടെ പ്രത്യേക പദ്ധതി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

എൽ.എ.സി- എ.ഡി.എഫ്. നിർമ്മാണ പ്രവർത്തനം

3339 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പിൽ വരുത്തുന്ന പുതിയ പദ്ധതിയായ എൽ.എ.സി-എ.ഡി.എഫ് പ്രകാരം എം.എൽ.എ. മാരുടെ ശുപാർശ ലഭിച്ചതിനും, നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനും ഇടയ്ക്കുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(ബി) ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ എത്ര സമയമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ഓരോ നിയോജക മണ്ഡലത്തിലെയും
വികസനപ്രവർത്തനങ്ങൾ

T3340 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും, നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 ബജറ്റിൽ സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും 5 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി എത്രകോടി രൂപ നീക്കിവച്ചിട്ടുണ്ട്;

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

സർക്കാരിന്റെ ആദ്യബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾ

3341 ശ്രീ. എം. ചന്ദ്രൻ
,, രാജു എബ്രഹാം
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യബഡ്ജറ്റിൽ മുൻഗണനാ പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ; ഇവയിൽ മുൻ സർക്കാരിന്റെ കാലത്തുതന്നെ പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയായിരുന്നു;

(ബി) പ്രഖ്യാപിച്ച മുൻഗണനാ പരിപാടികളിൽ ഏതെങ്കിലും പൂർണ്ണമായും ആദ്യവർഷത്തിൽതന്നെ പൂർത്തിയാക്കുകയുണ്ടായോ; എങ്കിൽ അവ ഏതൊക്കെ; ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(സി) മുൻഗണനാ പരിപാടികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവയ്ക്ക് അവ പൂർത്തീകരിക്കാനാവശ്യമായ മുഴുവൻ ഫണ്ടും ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

2010 -11 ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശം

3342 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച 2010 -11 ബഡ്ജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും ആ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകൾ, ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ ആ വർഷം നടപ്പിലാക്കുവാൻ അവശേഷിച്ചിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) യഥാർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ലാത്തതുമൂലം ചെലവഴിക്കാൻ കഴിയാത്ത തുക ലാപ്സായിപോയവ ഏതൊക്കെയായിരുന്നു ; വകുപ്പ് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ ആ വർഷം ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി</u>

3343

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ ചെലവുകൾ അവലോകനം ചെയ്യുന്നതിന് വേണ്ടി പബ്ലിക് എക്സ് പെൻഡിച്ചർ റിവ്യൂ കമ്മിറ്റി നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് നിലവിൽ വന്നത് എന്നും നിലവിൽ വന്നതിനു ശേഷം ഈ കമ്മിറ്റി ഏതെല്ലാം തീയതികളിൽ യോഗം ചേർന്നുവെന്നും യോഗത്തിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്നും വ്യക്തമാക്കാമോ; നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ:

(സി) മന്ത്രിമാരുടെ വിദേശയാത്രാ ചെലവുകൾ, മന്ത്രി മന്ദിരങ്ങളുടെ മോടിപിടിപ്പിക്കൽ, നവീകരണ ചെലവുകൾ തുടങ്ങിയ ചെലവുകൾ ഈ കമ്മിറ്റി റിവ്യൂ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പ</u>

3344 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് നിലവിൽ എത്രകോടി രൂപയുടെ വായ്പയുണ്ടെന്നുള്ള വിവരം നല്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രകോടി രൂപ കേന്ദ്രസർക്കാർ വഴിയും വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം എടുത്ത വായ്പ ഏതൊക്കെ പദ്ധതികൾക്കാണ് വിനിയോഗിച്ചതെന്നും, ആയതിൽ മൂലധന നിക്ഷേപമായി എത്രകോടി രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ രൂപയുടെ മൂല്യത്തകർച്ചയുണ്ടാക്കിയ സ്വാധീനം</u>

3345

ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ രൂപയുടെ മൂല്യത്തകർച്ചയും, തന്മൂലം വിദേശനാണ്യശേഖരത്തിലുണ്ടായ ശോഷണവും ഏതൊക്കെ വിധത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്നതു സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ;

(ബി) സംസ്ഥാന ബജറ്റിൽ പ്രധാന മേഖലകൾക്ക് നീക്കിവച്ചിട്ടുള്ള തുകയുടെ വിനിയോഗത്തെ ഇപ്പോഴത്തെ പ്രതിഭാസം ദോഷകരമായി ബാധിക്കുമെന്നു കരുതുന്നുണ്ടോ;

(സി) രൂപയുടെ വിനിമയമൂല്യത്തകർച്ചമൂലമുള്ള പ്രതിസന്ധി തരണം ചെയ്യാൻ എന്തൊക്കെ മുൻകരുതലുകൾ സംസ്ഥാനത്തിന്റെ പരിമിതികൾക്കകത്തു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ്</u>

3346 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്
,, പി. ശ്രീരാമകൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് മുൻവർഷത്തേത് പോലെ മന്ദഗതിയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പദ്ധതി വിനിയോഗം ത്വരിതപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; നടപ്പുവർഷം തനത് പരിപാടികളിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 2012 ജൂൺ വരെ ചെലവഴിച്ച തുക എത്ര;

(സി) മുൻവർഷത്തെ പദ്ധതിചെലവ് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; വിനിയോഗം എത്ര ശതമാനമായിരുന്നു;

(ഡി) മാർച്ച് മാസത്തിൽ പദ്ധതി പണം കൂട്ടത്തോടെ ചെലവാക്കുന്ന സ്ഥിതിവിശേഷത്തിന്റെ കാരണം വെളിപ്പെടുത്താമോ; പദ്ധതി ചെലവിന്റെ എത്ര ശതമാനം ആദ്യപാദത്തിൽ ചെലവഴിക്കണമെന്നാണ് ചട്ടം എന്നും വിശദമാക്കാമോ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

ചെലവ് ചുരുക്കലിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ

3347 ശ്രീ. ജെയിംസ് മാത്യു
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. ബാബു എം. പാലിശ്ശേരി
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ ഏതെല്ലാം രംഗത്തെ ആർഭാടങ്ങളും പാഴ്ച്ചെലവുകളും ആണ് നിയന്ത്രിക്കേണ്ടതായിട്ടുള്ളതെന്ന് കരുതുന്നത്; ഏതെങ്കിലും നിയന്ത്രിക്കപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ ധനക്കമ്മി കുറച്ചുകൊണ്ടുവരുന്നതിന്റെ പേരിൽ ഏതെല്ലാം രംഗത്ത് എന്തെല്ലാം വെട്ടിച്ചുരുക്കലുകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>ഇസ്ലാമിക് ധനകാര്യസ്ഥാപനം</u>

3348 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇസ്ലാമിക് ധനകാര്യസ്ഥാപനമായ 'അൽബറക്ക' ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; പുതിയ തീരുമാനങ്ങൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) 'അൽബറക്ക' മാതൃകയിൽ സംസ്ഥാനത്ത് പലിശരഹിത ബാങ്കിംഗ് സംവിധാനത്തെ പ്രോൽസാഹിപ്പിക്കുന്നതിനും സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ</u>

3349 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ ലൈസൻസുകൾ വേണമെന്ന് വ്യക്തമാക്കുമോ;

(ബി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ ഏതൊക്കെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം വ്യാപിപ്പിക്കാന്‍ നടപടി

3350 ശ്രീ. സി. പി. മുഹമ്മദ്
,, ഹൈബി ഈഡന്‍
,, റ്റി. എന്‍. പ്രതാപന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവന നിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ സേവനം വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇവരുടെ സേവനം സര്‍ക്കാരിന്റെ സാമൂഹ്യ സേവന രംഗങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യ പദ്ധതിയിൽ നിക്ഷേപ വർദ്ധന</u>

3351 ശ്രീ. ബെന്നി ബെഹനാൻ
,, ലൂഡി ലൂയിസ്
,, സണ്ണി ജോസഫ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ സമ്പാദ്യ പദ്ധതിയിൽ എത്ര നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഏജന്റുമാർക്ക് നൽകുന്ന കമ്മീഷന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കമ്മീഷൻ വർദ്ധിപ്പിക്കുന്നകാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>മഹിളാപ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ</u>

3352 ശ്രീ. കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയിൽ പ്രവഏത്തിക്കുന്ന മഹിഃാ പ്രധാൻ ഏജന്റുമാരുടെ കമ്മീഷൻ പുന:സ്ഥാപിക്കുമോ ; വിശദാംശങ്ങൾ എല്ലാം ;

(ബി) സാമൂഹ്യ ആരോഗ്യ മേഖലകളിൽ മഹിളാ പ്രധാൻ ഏജന്റുമാരുടെ സേവനം വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(രഷ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

പൊതുമരാമത്ത്, ഗ്രാമവികസനം, ഗതാഗതം എന്നീ വകുപ്പുകളുടെ ധനനിയന്ത്രണാധികാരം

3353 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത്, ഗ്രാമവികസനം, ഗതാഗതം എന്നീ വകുപ്പു കളുടെ ധനനിയന്ത്രണാധികാരം ധനവകുപ്പ് ഏറ്റെടുത്തു എന്ന ആക്ഷേപം ശരിയാണോ; എങ്കിൽ ഇത് ചട്ടലംഘനമാണോ എന്ന് പരിശോധിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(സി) എത് സാഹചര്യത്തിലാണ് ധനവകുപ്പിന്റെ ഈ നടപടി എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ആഡംബര നികുതി ഒഴിവാക്കണമെന്ന ആവശ്യം</u>

3354 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപജീവന മാർഗ്ഗത്തിനുവേണ്ടി ധാരാളം പ്രവാസികളും, കുടുംബശ്രീ പ്രവർത്തകരും കോഴിവളർത്തലിൽ ഏർപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴികളെ വളർത്തുന്നതിനായി തികച്ചും താല്ക്കാലികമായി നിർമ്മിക്കുന്ന ഷെഡ്യൂളുകൾക്ക് പഞ്ചായത്ത് നികുതിക്ക് പുറമേ ആഡംബര നികുതിയും സർക്കാർ ഈടാക്കി വരുന്നുണ്ടോ ;

(സി) ഇതുകാരണം കോഴിവളർത്തൽ ചെലവ് കൂടുന്നതിനാൽ പലരും ഈ മേഖലയിൽ നിന്നും ഒഴിഞ്ഞ് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പാവപ്പെട്ട കോഴി കർഷകരിൽ നിന്നും ഇത്തരത്തിലുള്ള ആഡംബര നികുതി ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ അവകാശ നിയമവും ബാധ്യതയും</u>

3355 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതായുള്ള 2012-13 ലെ സാമ്പത്തിക ബാധ്യത എത്രയെന്ന് ധനകാര്യ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നറിയിക്കുമോ ;

(ബി) ഇതിനായി കേന്ദ്ര സഹായത്തിനുപുറമെ കേരളം എത്ര കോടി രൂപ ചെലവഴിക്കേണ്ടി വരും;

(സി) ഇതുമായി ബന്ധപ്പെട്ട് പുതിയ അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>വിലക്കയറ്റം തടയാൻ കമ്പോള ഇടപെടൽ</u>

3356 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയാൻ കമ്പോള ഇടപെടലിന് ഈ സർക്കാർ വന്നതിന്ശേഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക എത്ര;

(ബി) 2011-2012 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കേരള സ്വയം സംരംഭക മിഷൻ വഴി വ്യവസായങ്ങൾ</u>

3357 ശ്രീ. റ്റി.എ അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്വയം സംരംഭക മിഷൻ വഴി വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് അതാത് പ്രദേശങ്ങളിൽ തന്നെ വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ ഭൂമി വേണമെന്ന നിയമം ഒഴിവാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംരംഭകർക്ക് കേളത്തിലെ ഏത് പ്രദേശത്തും വ്യവസായം ആരംഭിക്കാനുതകുന്ന രീതിയിൽ കേരള സ്വയം സംരംഭക മിഷന്റെ നിയമം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സ്വയം സംരംഭക മിഷന്റെ പ്രവർത്തനം</u>

3358 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയം സംരംഭക മിഷൻ സ്ഥാപിച്ചതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്കായി തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്വയം തൊഴിൽ സംരംഭം വഴി നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണെന്നും പലിശ എത്ര ശതമാനമാണെന്നും തുക അനുവദിക്കുന്ന സാമ്പത്തിക സ്ഥാപനം ഏതാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സ്വയം സംരംഭക മിഷൻ മുഖേന വായ്പ</u>

3359 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വയം സംരംഭകമിഷൻ മുഖേന 20 ലക്ഷം രൂപ വീതമുള്ള വായ്പ അനുവദിക്കപ്പെട്ടവരുടെ പേരു വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) സ്വയം സംരംഭകമിഷൻ മുഖേനയുള്ള രണ്ടാംഘട്ട പരിശീലനം ആരംഭിച്ചോ;

(സി) ഇതിനായി തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ</u>

3360

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ്മാരായി നിയമനം ലഭിച്ചവർക്കും ഉയർന്ന തസ്തികകളിൽ ജോലി ചെയ്യുന്നവർക്കും ശമ്പള പരിഷ്കരണത്തിലെ അപാകത പരിഹരിച്ച് ശമ്പളം പുതുക്കി നിശ്ചയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതേ രീതിയിൽ നിയമനം ലഭിച്ച മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കാമോ; തടസ്സമില്ലെങ്കിൽ ശമ്പളം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ ശമ്പളം നിലവിൽ പരിഷ്കരിച്ചത് വഴി കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ അന്തരം പരിഷ്കരിക്കാൻ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സംവിധാനത്തിൽ എത്ര പരാതികൾ നാളിതുവരെ ലഭിച്ചുവെന്നും, സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

(ഇ) ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പോലീസ് ക്യാന്റീൻ മാതൃക</u>

3361 ശ്രീ. എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പോലീസ് ക്യാന്റീൻ മാതൃകയിൽ സംസ്ഥാനത്ത് ഇതര വിഭാഗം സർക്കാർ ജീവനക്കാർക്കുകൂടി ക്യാന്റീൻ സേവനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>നികുതിവരുമാന വർദ്ധന</u>

3362 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുൻ വർഷത്തേതിൽ നിന്നും നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ ഏതു മേഖലയിൽ നിന്നുമാണ് വർദ്ധനവ് രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പെട്രോളിന്റെ വില്പന നികുതിയിൽ വർദ്ധന</u>

3363

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ പെട്രോളിന്റെ വില്പന നികുതിയിൽ സംസ്ഥാനം ഏർപ്പെടുത്തിയ വർദ്ധന എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നികുതിയിൽ വർദ്ധന വരുത്തിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) പെട്രോളിന്റെ സെയിൽസ് ടാക്സ് സംസ്ഥാന ഗവൺമെന്റ് എത്ര ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി;

(ഡി) സംസ്ഥാന നികുതി വർദ്ധനയുടെ ഭാഗമായി ഒരു ലിറ്റർ പെട്രോളിന് വില എത്രയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

കേന്ദ്ര സർക്കാരിൽ നിന്നുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതം

3364 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതം സംബന്ധിച്ച 2010-11, 2011-12, 2012-13 വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം ഇനം നികുതികളിൽ എത്ര ശതമാനം വർദ്ധന ഓരോ വർഷവും ഉണ്ടായിട്ടുണ്ട് ; ഏതെങ്കിലും ഇനത്തിൽ നികുതി വിഹിതം കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ഇനം; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കോഴി കള്ളക്കടത്ത്</u>

3365 ഡോ: കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

അന്യ സംസ്ഥാനങ്ങളില്‍ നിന്നും അതിര്‍ത്തി ചെക്ക് പോസ്റ്റുകള്‍ വഴിയും ചെറു വഴികളിലൂടെയും നികുതി വെട്ടിച്ച് കോഴികളെ കേരളത്തിലേക്ക് കൊണ്ടുവരുന്നത് ഇല്ലാതാക്കാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>അംഗീകൃത ചെക്ക് പോസ്റ്റുകളിലൂടെയല്ലാതെ ചരക്ക് കടത്ത്</u>

3366 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകൃത ചെക്ക് പോസ്റ്റുകളിലൂടെയല്ലാതെ ഊടുവഴികളിലൂടെ തമിഴ്നാട്ടിൽ നിന്നും ചരക്കുകൾ കടത്തിക്കൊണ്ട് വന്ന് വ്യാപകമായി നികുതി വെട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കള്ളക്കടത്ത് തടയുന്നതിനായി ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇപ്രകാരം നേരിട്ട് അഴിമതി നടത്തിയവരും അഴിമതിക്ക് കൂട്ടുനിന്നവരുമായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ചെക്കുപോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാരുടെ അഴിമതി തടയുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം</u>

3367 ശ്രീ. കെ. രാജു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെക്കു പോസ്റ്റുകളിൽ സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

9-ാം ശമ്പളപരിഷ്കരണ ഉത്തരവ്

3368 ശ്രീ. അന്‍വര്‍ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 9-ാം ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരം എല്ലാ വകുപ്പുകളിലും ജൂനിയര്‍ സൂപ്രണ്ട് തസ്തികയുടെ 25% ഹയര്‍ഗ്രേഡ് ആയി നിഷ്ക്കര്‍ഷിച്ച് ഉത്തരവായിട്ടുണ്ടോ ;

(ബി) ലാന്റ് റവന്യൂ വകുപ്പില്‍ പ്രസ്തുത ഉത്തരവുപ്രകാരം എത്രപേര്‍ക്ക് ഹയര്‍ ഗ്രേഡ് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉത്തരവ് ലാന്റ് റവന്യൂ വകുപ്പില്‍ നടപ്പാക്കിയിട്ടില്ല എങ്കില്‍ ആയത് സമയബന്ധിതമായി നടപ്പാക്കാനുളള നിര്‍ദ്ദേശം നല്‍കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ട്രഷറികളിൽ എ. ടി. എം. കൗണ്ടറുകൾ</u>

3369

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളെ പരസ്പരം ബന്ധപ്പെടുത്തി എ. റ്റി. എം. കൗണ്ടറുകൾ ആരംഭിക്കുന്നതിന് മുൻ സർക്കാർ എടുത്ത തീരുമാനം ഏതുഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ; ഏതെല്ലാം ട്രഷറികളിലാണ് എ. റ്റി. എം. സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുളളത് എന്ന് അറിയിക്കാമോ;

(ബി) ചേർത്തല സബ് ട്രഷറിയിൽ അടിയന്തിരമായി എ. റ്റി. എം. കൗണ്ടർ സ്ഥാപിച്ച് ട്രഷറി അക്കൗണ്ടുകളിൽ നിന്നും പെൻഷൻ വാങ്ങാൻ കാത്തു നിൽക്കുന്ന പ്രായമായ ആളുകളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

കാഞ്ഞിരംകുളത്ത് സബ് ട്രഷറി

3370 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരംകുളത്ത് ഒരു സബ് ട്രഷറി ആരംഭിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ന് നടപടി സ്വീകരിച്ചുവെന്നും എന്ന് പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ പുതിയ സബ്ട്രഷറി</u>

3371 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഈ വർഷം പുതിയ സബ്ട്രഷറികൾ ആരംഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു പഞ്ചായത്തിലാണ് സബ്ട്രഷറി ആരംഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) കുളത്തൂപ്പുഴ പഞ്ചായത്തിൽ പുതുതായി ഒരു സബ്ട്രഷറി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി കെട്ടിടം</u>

3372 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചട്ടഞ്ചാൽ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂവകുപ്പിൽ നിന്ന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറി പദ്ധതിയ്ക്കായി പുതിയ തസ്തിക</u>

3373 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി പദ്ധതിയ്ക്കായി പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏത് തസ്തികയാണെന്നും നിയമനത്തിന്റെ മാനദണ്ഡമെന്തെന്നും വ്യക്തമാക്കാമോ ;

(സി) ഈ തസ്തികയിൽ നിയമിക്കുന്നതിനായി ആരെയെങ്കിലും തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ഭാഗ്യക്കുറി പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടികൾ</u>

3374 ശ്രീ. സണ്ണി ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഭാഗ്യക്കുറി പദ്ധതിയിൽ ഏതൊക്കെ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) തെരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

3375

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഹൃദയ സ്തംഭനം മൂലം മരണപ്പെടുന്ന പാവപ്പെട്ടവർക്ക് ധന സഹായം ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ബെനവലന്റ് ഫണ്ട്</u>

3376

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഏതൊക്കെ ആശുപത്രികളിൽ ഏതൊക്കെ അസുഖത്തിന് ചികിൽസ തേടുന്നവർക്കാണ് സഹായം നൽകി വരുന്നതെന്ന് അറിയിക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലുള്ളവർ മെഡിക്കൽ കോളേജ് സൗകര്യമില്ലാത്തതിനാൽ അടുത്തുള്ള കർണ്ണാടക സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെയാണ് മാരകമായ അസുഖങ്ങൾക്കുള്ള ചികിൽസക്കായി ആശ്രയിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ചികിൽസാ സഹായ ഫണ്ട് ജില്ലയിലുള്ളവർക്ക് പരിമിതമായേ ലഭിക്കാൻ സാധ്യതയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കർണ്ണാടക സംസ്ഥാനത്തെ മംഗലാപുരത്തെ പ്രധാന മെഡിക്കൽ കോളേജുകളിൽ ചികിൽസ തേടുന്നവർക്കു കൂടി മേൽ സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**കേരള നിയമസഭ**

**25.06.2012-ലെ മറുപടിക്ക്**

**<u>കാരുണ്യ ലോട്ടറി നറുക്കെടുപ്പ്</u>**

**3377 ശ്രീ. ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിപ്രകാരം നാളിതുവരെ എത്ര ഭാഗ്യക്കുറി നറുക്കെടുപ്പുകളാണ് നടത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത ലോട്ടറിയിൽ നിന്നുള്ള വരുമാനം പ്രത്യേകമായി സൂക്ഷിച്ച് ചികിത്സാ ആവശ്യത്തിലേക്ക് മാത്രം വിനിയോഗിക്കുവാനാണോ ഉദ്ദേശിക്കുന്നത്;

(സി) നിർദ്ധന രോഗികൾക്ക് ഗവൺമെന്റിൽ നിന്നും യഥാസമയം പണം ലഭ്യമാകാത്തതിനാൽ ആനുകൂല്യം നിഷേധിക്കപ്പെടുന്നുവെന്നുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**മാരകരോഗങ്ങളുള്ള രോഗികളെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

3378 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാരക രോഗങ്ങൾമൂലം ബുദ്ധിമുട്ടുന്ന രോഗികളെക്കൂടി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചികിത്സയ്ക്കായി ധാരാളം പണം ആവശ്യമായി വരുന്ന മൾട്ടിപ്പിൾ ന്യൂറോ ഫൈബ്രോമ എന്ന രോഗം ബാധിച്ചവരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കാരുണ്യ ലോട്ടറിയിലൂടെ ചികിത്സാ സഹായം</u>

3379 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ കാരുണ്യ ലോട്ടറിയിലൂടെ ചികിത്സാ സഹായം തേടാൻ സാധിക്കുന്ന ആശുപത്രികൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ;ഇല്ലെങ്കിൽ ഇടുക്കി ജില്ലയിലെ ആശുപത്രികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കാരുണ്യ ലോട്ടറി പദ്ധതിയിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ**

**3380 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി പദ്ധതിവഴി ഗവൺമെന്റിന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കാരുണ്യ ലോട്ടറി പദ്ധതിയിലേക്ക് നിയോഗിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഇതുവരെയും ശമ്പളം നൽകിയിട്ടില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>'കാരുണ്യ ചികിത്സാ സഹായം'</u>

3381 ശ്രീ. മാത്യൂ റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ രോഗങ്ങൾ വരുന്നവർക്കാണ് 'കാരുണ്യ ചികിത്സാ സഹായം'നൽകുന്നത് എന്നു വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഏതൊക്കെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് സഹായം ലഭിക്കും എന്നു വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം രോഗികൾക്ക് എത്രരൂപ വീതം ചികിത്സാസഹായമായി ലഭിച്ചു എന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്ന് കാസർഗോഡ് ജില്ലയിൽ ചികിത്സാസഹായം</u>**

3382 **ശ്രീ. പി. ബി. അബ്ദുൾ റസാക്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് നാളിത് വരെ രോഗികൾക്ക് എത്ര തുക സഹായം നൽകാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ നിന്നും ചികിത്സാ സഹായം ലഭിച്ച രോഗികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ ചികിത്സ ലഭ്യമാകുന്ന സർക്കാർ ആശുപത്രികൾ ഇല്ലാത്തതിനാൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും സഹായത്തിന് അർഹരായ രോഗികൾ ഉൾപ്പെടെയുള്ളവർ തൊട്ടടുത്ത മംഗലാപുരത്തെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മംഗലാപുരത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന അർഹരായ രോഗികൾക്ക് കൂടി പ്രസ്തുത ഫണ്ടിൽ നിന്നും സഹായം ലഭ്യമാകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**ലോട്ടറിവകുപ്പിലെ ജീവനക്കാർ**

**3383 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പിൽ നിലവിൽ ടിക്കറ്റ് വിതരണത്തിനും പാക്കിങ്ങിനുമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികകൾ വെട്ടിക്കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടിക്കറ്റ് വിതരണത്തിന്റെ ചുമതല അച്ചടിക്കുന്ന പ്രസ്സിൽ തന്നെ ഏൽപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ ആലോചനയിലുണ്ടോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**സ്വാകാര്യ മേഖലയിലെ ബാങ്കുകളിലൂടെ നിക്ഷേപവും ഇടപാടുകളും നടത്താൻ അനുമതി**

3384 ശ്രീ. സി. ദിവാകരൻ
'' കെ. രാജു
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകൾ, സ്വയംഭരണസ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ഏജൻസികൾ തുടങ്ങിയവയ്ക്ക് സ്വകാര്യ മേഖലയിലെ ബാങ്കുകളിലൂടെ നിക്ഷേപവും ഇടപാടുകളും നടത്താൻ അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരത്തിൽ തീരുമാനിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതിലൂടെ സർക്കാരിന് ഉണ്ടായ നേട്ടമെന്താണെന്ന് വിശദമാക്കുമോ ;

(സി) സർക്കാർ വകുപ്പുകളിലെ എത്ര തുക ഇപ്പോൾ പ്രസ്തുത ബാങ്കുകളിൽ നിക്ഷേപം ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി</u>

3385 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ.യുടെ പ്രവർത്തനം പ്രൊഫഷണലും കാര്യക്ഷമവും ആക്കുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) എല്ലാ പഞ്ചായത്തുകളിലും കെ. എസ്. ഇ. ബി.യുടെ ശാഖകൾ ആരംഭിക്കുമോ;

(സി) പണ്ടം പണയത്തിന് മാത്രമായി ശാഖകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ചിട്ടിയിൽ മാത്രം ഒതുങ്ങാതെ മറ്റ് വായ്പാ പദ്ധതികളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി</u>

3386 ശ്രീ. എം. ചന്ദ്രൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ബി. സത്യൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ശുപാർശകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പെൻഷൻ പദ്ധതി തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ഏർപ്പെടുത്തിയിട്ടുണ്ടോ ; പെൻഷൻ പദ്ധതിക്ക് വേണ്ടി വരുന്ന സർക്കാർ വിഹിതം എത്രയാണ് ;

(സി) കെ.എസ്.എഫ്.ഇ.യിൽ നിന്നു ഇതിനകം റിട്ടയർ ചെയ്തവർക്കും പെൻഷൻ ഏർപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**കേന്ദ്ര ചിട്ടിനിയമം**

3387 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടിനിയമം സംബന്ധിച്ച സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ കുറി കമ്പനികളുടെ ചൂഷണം</u>

3388 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണമിടപാട് സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയത് എന്നു മുതലാണ് ;

(ബി) അനധികൃതമായി പണമിടപാട് നടത്തുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(സി) 1975-ലെ ചിട്ടി നിയമത്തിനും 1958-ലെ കേരള മണി ലെൻഡേഴ്സ് ആക്ട് എന്നിവയ്ക്കും വിരുദ്ധമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ ;

(ഡി) സ്വകാര്യ കുറി കമ്പനികൾ സാധാരണ ജനങ്ങളെ വ്യാജ വാഗ്ദാനങ്ങൾ പരസ്യങ്ങളിലൂടെ നൽകി ചൂഷണ വിധേയമാക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ**

**3389 ശ്രീ. എ.റ്റി. ജോർജ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ അനുപാതം 5%-ത്തിൽ നിന്നും 10% ആയി ഉയർത്തുന്നത് സംബന്ധിച്ചുള്ള 6484/എച്ച്2/റ്റി.ഡി./2011 ഫയലിൻമേൽ സർക്കാർ എടുത്ത നടപടിയും നിലപാടും വ്യക്തമാക്കുമോ;

(ബി) കേരള പൊതുമേഖലാ സ്ഥാപനങ്ങളായ ഹൗസിംഗ് ബോർഡിൽ 15%-ഉം കെ.എഫ്.സി.യിൽ 25%-ഉം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളിൽ ജൂനിയർ അസിസ്റ്റന്റുമാരായി പ്രൊമോഷൻ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരം കെ.എസ്.എഫ്.ഇ. യിലും പ്രൊമോഷൻ അനുപാതം ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 25.06.2012-ലെ മറുപടിക്ക്

<u>ദേശീയ സമ്പാദ്യ പദ്ധതിയിലെ പലിശ</u>

3390 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, പാലോട് രവി
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യപദ്ധതിയിലെ പലിശ പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പലിശവിഹിതം എത്രയാണ്;

(സി) പലിശ പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

## വിധിന്യായങ്ങൾ തർജ്ജമ ചെയ്ത് ലഭ്യമാക്കാൻ നടപടി

3391 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും വിധിന്യായങ്ങൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തരം വിധിന്യായങ്ങളാണ് തർജ്ജമ ചെയ്യുകയെന്നും അതിനുള്ള ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ;

(സി) തർജ്ജമ ചെയ്ത വിധിന്യായങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ബദൽ തർക്ക പരിഹാര സംവിധാനം**

3392 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബദൽ തർക്ക പരിഹാര സംവിധാനത്തിന് പ്രചാരം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; ഇവ കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ;

(ബി) ഇതിന്മേലുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>ഹൈക്കോടതി നിർദ്ദേശിച്ച 10 കുടുംബ കോടതികൾ</u>**

**3393**

**ശ്രീ. ബി. സത്യൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി തുടങ്ങുവാൻ ഹൈക്കോടതി നിർദ്ദേശിച്ച 10 കുടുംബ കോടതികൾ ഏതെല്ലാം സ്ഥലത്താണെന്നത് മുൻഗണനാ ക്രമത്തിൽ വിശദമാക്കാമോ;

(ബി) ഇവ ഏതെല്ലാം പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ആറ്റിങ്ങലിൽ കുടുംബ കോടതിയുടെ പ്രവർത്തനം എന്ന് തുടങ്ങുവാനാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**നെയ്യാറ്റിൻകരയിൽ കുടുംബകോടതി**

3394 **ശ്രീമതി ജമീലാ പ്രകാശം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി സ്ഥാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും എന്നേക്ക് കുടുംബ കോടതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>പ്രോസിക്യൂട്ടർമാർക്ക് പരിശീലനം നൽകുന്ന പദ്ധതി</u>

3395 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രോസിക്യൂട്ടർമാർക്ക് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പരിശീലനവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പരിശീലനം കൊണ്ടുള്ള നേട്ടങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം</u>**

**3396 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും, നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി മാവേലിക്കര താലൂക്കുകളിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലേക്ക് എത്ര രൂപ ഇതിലേക്കായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്ത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**<u>ഭവന നിർമ്മാണ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി</u>**

**3397 ശ്രീ. പി. കെ. ഗുരുദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് ഏതെങ്കിലും ഭവന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ;

(സി) ബോർഡിലെ ജീവനക്കാരുടെ ശമ്പളം, പി. എഫ് വിഹിതം അടയ്ക്കൽ തുടങ്ങിയവയ്ക്കുള്ള തുക കണ്ടെത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള തുക ബോർഡിന്റെ പ്രവർത്തനത്തിൽ നിന്ന് ലഭിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമി**

**3398 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശം വിവിധ പദ്ധതിയ്ക്കായി ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഭൂമിയുടെ വില നിശ്ചയിച്ചതായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ ;

(സി) അവ എത്രയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

### ഭവനനിർമ്മാണ ബോർഡ് വക ഭൂമി

3399 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ കൈവശം വിവിധ പദ്ധതികൾക്കായി ഏറ്റെടുത്ത എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ പദ്ധതികൾ നടപ്പാക്കാതെ കിടക്കുന്ന എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം പദ്ധതികൾക്കായി ഏറ്റെടുത്ത ഭൂമികളാണ് വെറുതെ കിടക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**വർദ്ധിച്ചുവരുന്ന പാർപ്പിടാവശ്യങ്ങൾക്ക് പരിഹാരം**

3400 **ശ്രീ. സി. കെ. നാണു**
**'' ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന പാർപ്പിടാവശ്യങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

### സാഫല്യം സ്കീമിൽ ഭവന നിർമ്മാണം

3401 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സാഫല്യം സ്കീമിൽ ഭവന നിർമ്മാണം നടത്തുന്ന ഒരു ഗുണഭോക്താവിന് എത്ര രൂപയുടെ സബ്സിഡിയാണ് നൽകുന്നത്;

(ബി) ഇതിന്റെ ഒന്നാംഘട്ടം എന്ന നിലയിലുള്ള 10,000 വീടുകൾ പണിയുന്നതിനായി 2011-12 ൽ ഇട്ട ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ;

(സി) 2011-12 വർഷത്തിൽ ഈ സ്കീമിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.06.2012-ലെ മറുപടിക്ക്

**ഭവനപദ്ധതികൾ**

3402 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനപദ്ധതികളുടെ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്ര രൂപയാണ് വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇ.എം.എസ് ഭവനപദ്ധതി പ്രകാരം ഫണ്ട് ലഭിച്ചിട്ട് വീട് പണി പൂർത്തിയാക്കാത്തവർക്കും ഈ ധനസഹായം ലഭ്യമാക്കുമോ;

(സി) വർദ്ധിപ്പിച്ച ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ഭവന നിർമ്മാണ ബോർഡിന്റെ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ**

3403 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നുവരെ ദീർഘിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം എന്തെല്ലാം ഇളവുകളാണ് കുടിശ്ശികക്കാർക്ക് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ലക്ഷം വീട് ഇരട്ട വീടുകൾ**

**3404 ശ്രീ. ബി.ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ള എത്ര ഇരട്ട വീടുകൾ ഒറ്റവീടുകളാക്കി മാറ്റിയിട്ടുണ്ട്;

(ബി) ഇനിയും എത്ര ഇരട്ട വീടുകൾ ഒറ്റവീടുകൾ ആക്കാനുണ്ട്;

(സി) അവശേഷിക്കുന്ന ഇരട്ട വീടുകൾ ഒറ്റവീടുകളാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

'എം.എൻ ലക്ഷം വീട് പദ്ധതി

3405 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മിക്ക ഭവനവായ്പാപദ്ധതികളുടേയും തുകകൾ വർദ്ധിപ്പിച്ചതിന് ആനുപാതികമായി 'എം.എൻ ലക്ഷം വീട് പദ്ധതി'യുടെ തുകയുടെ പരിധി കാലോചിതമായി ഉയർത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിയന്തിരമായി 'എം.എൻ ലക്ഷം വീട് പദ്ധതി' യുടെ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരി ക്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**എം.എൻ. ലക്ഷം വീട് പദ്ധതിയും ഇ.എം.എസ് ഭവന പദ്ധതിയും**

**3406 ശ്രീമതി ഇ.എസ്. ബിജിമോൾ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എം.എൻ. ലക്ഷം വീട് പദ്ധതി, ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി തുടങ്ങിയ ഭവന പദ്ധതികളിൽ വീടിന്റെ മേൽക്കൂരക്ക് ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ചാൽ ധനസഹായം ഗുണഭോക്താക്കൾക്ക് നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിക്കുവാൻ പാടില്ല എന്ന നിർദ്ദേശം നല്കുവാൻ കാരണം എന്ത് എന്ന് വ്യക്തമാക്കാമോ;

(സി) ഹൈറേഞ്ച് പോലുള്ള പ്രദേശങ്ങളിൽ കാറ്റ് അതിരൂക്ഷമായതിനാൽ ടിൻഷീറ്റ് ഉപയോഗിക്കുന്നതിലെ പ്രയോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭവന പദ്ധതികളിൽ വീടിന്റെ മേൽക്കൂരക്ക് ആസ്ബറ്റോസ് ഉപയോഗിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുവാൻ നിർദ്ദേശം നല്കുമോ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഭവനനിര്‍മ്മാണ വായ്പ എഴുതിതള്ളാന്‍ നടപടി</u>

3407 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ലോവര്‍ ഇന്‍കം ഗ്രൂപ്പില്‍പ്പെട്ട എത്ര പേരാണ് കാസര്‍ഗോഡ് ജില്ലയില്‍ ഭവനനിര്‍മ്മാണവായ്പ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) വായ്പ തിരിച്ചടവുകള്‍ ഒഴിവാക്കി ആധാരം തിരികെ നല്‍കാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദാംശം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഭവനനിര്‍മ്മാണ വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍</u>

3408

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഭവനനിര്‍മ്മാണ വകുപ്പിന്റെ സ്ഥലം സ്വകാര്യ വ്യക്തികള്‍ക്ക് പതിച്ചു നല്‍കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) പി. പി. പി. അടിസ്ഥാനത്തില്‍ ഭവനനിര്‍മ്മാണ വകുപ്പ് നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ നടത്തുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പുതിയതായി സ്ഥലം ഏറ്റെടുത്ത് നല്‍കുന്നതിനുള്ള പദ്ധതി നിലവില്‍ വകുപ്പിന്റെ മുന്നിലുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**മൂന്നാർ ഭവന നിർമ്മാണ പദ്ധതി**

3409

**ശ്രീ. എസ്. രാജേന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ മൂന്നാർ ഭവന നിർമ്മാണ പദ്ധതി ഉടൻ നടപ്പിലാക്കാൻ കഴിയുമോ;

(ബി) ഇതുവരെയുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡിൽ പുതിയ വാഹനങ്ങൾ</u>

3410 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാത്തിൽവന്നശേഷം ഭവന നിർമ്മാണ ബോർഡിൽ പുതിയ വാഹനങ്ങൾ വാങ്ങുകയോ വാങ്ങാൻ തീരുമാനമെടുക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് വാഹനം ; ആർക്കുവേണ്ടി എന്ന് വ്യക്തമാക്കുമോ?

(ബി) ബോർഡ് ചെയർമാന്റെ ഓഫീസ് മുറിയും ഗസ്റ്റ്ഹൗസും മോടിപിടിപ്പിക്കുന്നുണ്ടോ ;

(സി) വാഹനത്തിനും, മോടിപിടിപ്പിക്കലിനുമായി എത്ര രൂപ ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

**ദുർബല വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഭവന പദ്ധതികൾ**

**3411 ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ദുർബല വിഭാഗങ്ങൾക്കുവേണ്ടി വിഭാവന ചെയ്തിരുന്ന ഭവന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഭവന പദ്ധതികൾ ആവിഷ്കരിച്ചത് എപ്പോഴായിരുന്നെന്നും ഇപ്പോൾ പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.06.2012-ലെ മറുപടിക്ക്

<u>ഹൗസിംഗ് ബോർഡ് വായ്പകൾ</u>

3412 ശ്രീ. എം. പി. വിൻസന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡിൽ നിന്നും പുതുതായി വായ്പ എടുക്കുന്നവർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുമോ;

(ബി) ഹൗസിംഗ് ബോർഡിൽ നിന്നും വായ്പ എടുത്തവർക്ക് പലിശയിളവ് നൽകുന്നുണ്ടോ; അതിന്റെ മാനദണ്ഡം എന്ത്;

(സി) ഹൗസിംഗ് ബോർഡിന്റെ പുതിയ ഭവന പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ?